# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6283 08.07.2014-ൽ മറുപടിയ്ക്ക്**

**ഹവാല ഇടപാടുകളും വിമാനത്താവളം വഴി വിദേശ കറൻസി കടത്തലും**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) ഹവാല ഇടപാടുകൾ, വിമാനത്താവളം വഴിയുള്ള വിദേശ കറൻസി കടത്ത് എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഹവാല ഇടപാടുകൾ, വിമാനത്താവളം വഴിയുള്ള വിദേശ കറൻസി കടത്ത് എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഹവാല ഇടപാടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഹവാല പണമിടപാട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തുകയും ഇത്തരത്തിലുള്ള ഇടപാടുകൾ തടയുന്നതിലേക്കായി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| സി) തലസ്ഥാന നഗരിയിൽ 2014 മാർച്ചിൽ 30 കോടിയിലേറെ രൂപയുടെ ഹവാല പണമിടപാട് നടത്തിയ പ്രതികൾക്കെതിരെ അന്വേഷണമോ നടപടിയോ സ്വീകരിക്കാതെ ആദായ നികുതി വകുപ്പിന് നൽകി പ്രതികൾക്ക് രക്ഷപ്പെടാൻ സാഹചര്യമൊരുക്കിയതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് വിശദമാക്കുമോ ? | (സി) | 19.03.2014-ൽ തിരുവനന്തപുരം, ആര്യശാല പി.എസ്.കെ. ടവറിൽ റ്റി.സി. 38/2012, പൂജാ ഗാർമെന്റ്സ് ഹൗസ് എന്ന സ്ഥാപനത്തിൽ അനധികൃതമായി കണക്കിൽപ്പെടാത്ത ഇന്ത്യൻ കറൻസി നോട്ടുകൾ സൂക്ഷിച്ചിരിക്കുന്നതായ രഹസ്യ വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് മേൽപ്പറഞ്ഞ സ്ഥാപനം പരിശോധന നടത്തുന്നതിന് മെമ്മോറാണ്ടം തയ്യാറാക്കി കോടതിക്ക് അയക്കുകയും വിവരം ഇൻകം ടാക്സ് അധികാരികളെ അറിയിക്കുകയും ചെയ്തു. തുടർന്ന് പോലീസ് സ്ഥലത്തെത്തി ഇൻകം ടാക്സ് അധികാരികളുടെ സാന്നിദ്ധ്യത്തിൽ മേൽപ്പറഞ്ഞ പൂജാ ഗാർമെന്റ്സിൽ പരിശോധന നടത്തുകയും തുണികളുടെ ഇടയിൽ അനധികൃതമായി സൂക്ഷിച്ച വച്ചിരുന്ന 18,02,600/- രൂപ ബന്തവസ്സിൽ എടുക്കുകയും ചെയ്തു. പ്രസ്തുത തുക ഇൻകം ടാക്സ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. അനിൽകുമാറിന് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത തുക കണ്ടെടുത്തതുമായി ബന്ധപ്പെട്ട നിയമപരമായ നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. പ്രതികളെ രക്ഷിക്കുന്നതിനായി പോലീസിന്റെ ഭാഗത്ത് നിന്നും യാതൊരുവിധ സാഹചര്യവും ഒരുക്കിക്കൊടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ